## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1). സാമൂഹ്യനീതി ഡയറക്ടറുടെ 30.03.2017 ലെ ICDS/A7-16237/15 നമ്പർ ഉത്തരവ്.

(2). വണ്ടൂർ ശിശുവികസന പദ്ധതി ഓഫീസറുടെ 29.06.2020 തീയതിയിലെ ICDS/WDR/B/122/20 നം. കത്ത്.

(3). മങ്കട ശിശുവികസന പദ്ധതി ഓഫീസറുടെ 07.09.2020 തീയതിയിലെ 182/MKD/2020 നം. കത്ത്.

(4). പാലക്കാട് പ്രോഗ്രാം ഓഫീസറുടെ 23.03.20 തീയതിയിലെ ബി 1865/ 19 നം. കത്ത്.

(5). കൊല്ലം പ്രോഗ്രാം ഓഫീസറുടെ 01.10.20 തീയതിയിലെ ICDS/എസ്/43/20 നം. കത്ത്.

**ഉത്തരവ് നമ്പർ ICDS/A7-31434/19** **തീയതി: 04/11/2020.**

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും ആദ്യ ഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും, ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായ 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം. 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി പദ്ധതി പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങളിൽ 510 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം 13 അങ്കണവാടികൾക്ക് കൂടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായ സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്ന് പരാമർശം (2) മുതൽ (5) വരെയുള്ള കത്തുകൾ പ്രകാരം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ/പ്രോഗ്രാം ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അനുബന്ധം (1) ആയി ചേർത്തിട്ടുള്ള 13 അങ്കണവാടി കെട്ടിടങ്ങൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 14.40 കോടി രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) നിരക്കിൽ 26,00,000/- (ഇരുപത്തി ആറ് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അനുബന്ധമായി ചേർത്ത അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

മിഷൻ ഡയറക്ടർ
MGNREGS, കവടിയാർ,തിരുവനന്തപുരം.

പകർപ്പ്: 1) പ്രോഗ്രാം ഓഫീസർ, കൊല്ലം, മലപ്പുറം, പാലക്കാട്
2) ബന്ധപ്പെട്ട CDPO മാർക്ക് (കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

GB

# അനുബന്ധം -1

| ക്രമ നം. | ജില്ല | ഐ.സി.ഡി.എസ് പ്രോജക്ട് | ഗ്രാമ പഞ്ചായത്ത് | അങ്കണവാടി സെ. നം. |
|---|---|---|---|---|
| 1. | മലപ്പുറം | വണ്ടൂർ | വണ്ടൂർ | 34 |
| 2. | മലപ്പുറം | വണ്ടൂർ | വണ്ടൂർ | 48 |
| 3. | മലപ്പുറം | വണ്ടൂർ | വണ്ടൂർ | 47 |
| 4. | മലപ്പുറം | മങ്കട | കുറുവ | 115 |
| 5. | മലപ്പുറം | മങ്കട | കുറുവ | 87 |
| 6. | മലപ്പുറം | വണ്ടൂർ | മമ്പാട് | 92 |
| 7. | മലപ്പുറം | വണ്ടൂർ | മമ്പാട് | 106 |
| 8. | മലപ്പുറം | വണ്ടൂർ | മമ്പാട് | 107 |
| 9 | പാലക്കാട് | നെന്മാറ അഡീഷണൽ | വണ്ടാഴി | 25 |
| 10. | പാലക്കാട് | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 46 |
| 11. | കൊല്ലം | ചടയമംഗലം | ഇളമാട് | 39 |
| 12. | കൊല്ലം | ചടയമംഗലം | ഇളമാട് | 45 |
| 13. | കൊല്ലം | ചടയമംഗലം | ഇളമാട് | 44 |

വനിത ശിശു വികസന ഡയറക്ടർ